**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിന് ആറുകളിലെ മണൽ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ ; | (എ) | കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിനായി വീയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ മണലും ചെളിയും നീക്കി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള മണൽ താലര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ വഴി നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കി വരുന്നു. കുട്ടനാട്ടിലെ പാടശേഖരങ്ങളോട് അനുബന്ധിച്ചുള്ള തോടുകളിലെ എക്കലും<br><br>ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പ്ലാൻ, എസ്.ഡി.ആർ.എഫ് സ്കീമുകളിൽ ഉൾപ്പെടുത്തി ചെയ്യു വരുന്നു.<br><br>പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിലെ കൈവഴികളിൽ പ്രളയാനന്തരം അടിഞ്ഞ് കൂടിയ എക്കലും മറ്റ് അവശിഷ്ടങ്ങളും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ ജലസേചന വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>പമ്പ - 871964.5 $m^3$<br><br>മണിമല - 786739.07 $m^3$<br><br>അച്ചൻകോവിൽ - 646265 $m^3$ |
| (ബി) | എങ്കിൽ പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിലെ മണൽ നീക്കം ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിലെ മണൽ നീക്കം ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടത്തുന്നത് സംബന്ധിച്ച നടപടികൾ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ